# യൂണിറ്റ് 3

# ലോവർ പ്രൈമറിതലത്തിലെ ഗണിതപഠനം

**സമയം : 10 മണിക്കൂർ**

## ഉള്ളടക്കം

**ലോവർ പ്രൈമറി തലത്തിലെ ഗണിതപഠനം**

- 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട ധാരണയും വിനിമയവും (സംഖ്യകൾ, ജ്യാമിതി, അളക്കൽ, ദത്തങ്ങളുടെ വിശകലനം)

# യൂണിറ്റ് 3
# ലോവർ പ്രൈമറിതലത്തിലെ ഗണിതപഠനം

**സമയം : 10 മണിക്കൂർ**

**ബോധനോദ്ദേശ്യങ്ങൾ :**

ഈ യൂണിറ്റുമായി ബന്ധപ്പെട്ട ബോധനോദ്ദേശ്യങ്ങൾ ചുവടെ കൊടുക്കുന്നു.

- 1 മുതൽ 5 വരെ ക്ലാസ്സുകളിലെ ഗണിത പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ധാരണ നേടുന്നതിന് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി പ്രവർത്തന മാന്വൽ തയാറാക്കുന്നതിന്.
- ആശയങ്ങളുടെ സൂക്ഷ്മതലം കണ്ടെത്തി, ഓരോ ആശയങ്ങൾക്കും അനുയോജ്യമായ പഠനതന്ത്രങ്ങൾ, രീതികൾ എന്നിവ അടിസ്ഥാനപ്പെടുത്തി വിവിധ പഠനാനുഭവങ്ങൾ തയാറാക്കുന്നതിന്.
- തയാറാക്കിയ പഠനാനുഭവങ്ങൾ അറിവ് നിർമാണ പ്രക്രിയകൾക്കനുസൃതമായി ചിട്ടപ്പെടുത്തുന്നതിന്.
- ഒരു നല്ല ടീച്ചിംഗ് മാന്വലിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് നിർമ്മിച്ച ടീച്ചിംഗ് മാന്വലിനെ വിലയിരുത്തി മെച്ചപ്പെടുത്തുവാനുള്ള കഴിവ് ആർജിക്കുന്നതിന്.

**പ്രാധാന്യം:**

- 1 മുതൽ 5 വരെ ക്ലാസുകളിലെ ആശയപരമായ ഉള്ളടക്ക ധാരണകൾ അധ്യാപിക വിദ്യാർഥി നേടേണ്ടതുണ്ട്. ഉള്ളടക്കം ക്ലാസ്മുറിയിൽ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് ഉള്ളടക്കവുമായി ബന്ധപ്പെട്ട വസ്തുതകൾ, ആശയങ്ങൾ, ധാരണകൾ, നൈപുണികൾ, മനോഭാവങ്ങൾ എന്നിവയെ സംബന്ധിച്ച് അധ്യാപക വിദ്യാർഥിക്ക് ശരിയായ അറിവ് ആവശ്യമാണ്.
- പ്രൈമറിതലത്തിലെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള കഴിവ് നേടുക എന്നതും പ്രാധാന്യം അർഹിക്കുന്നു.

## ഉള്ളടക്കം

### ലോവർ പ്രൈമറി തലത്തിലെ ഗണിതപഠനം

- 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട ധാരണയും വിനിമയവും (സംഖ്യകൾ, ജ്യാമിതി, അളക്കൽ, ദത്തങ്ങളുടെ വിശകലനം)

1 മുതൽ 5 വരെ ക്ലാസുകളിലെ ഗണിത ഉള്ളടക്കത്തിന്റെ ബോധനാശാസ്ത്രപരമായ ഉള്ളടക്ക വിശകലനം ഒന്നാം സെമസ്റ്ററിൽ നിർവഹിക്കുകയുണ്ടായി. സംഖ്യാബോധം, ചതുഷ്ക്രീയകൾ, ഭിന്നസംഖ്യകൾ, ദശാംശസംഖ്യകൾ, ജ്യോമട്രി, അളവുകൾ, ദത്തങ്ങളുടെ വിശകലനം തുടങ്ങിയ മേഖലകളാണ് അവിടെ ചർച്ച ചെയ്തത്. ഈ മേഖലകളുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ, വിനിമയ തന്ത്രങ്ങൾ, രീതികൾ തുടങ്ങിയവയെ സംബന്ധിച്ച് ധാരണ കൈവരിക്കുന്നതിനാണ് ഇവിടെ അവസരം ഒരുക്കുന്നത്.

### ടീച്ചിംഗ് മാന്വൽ എന്ത്?

ഒരു ആശയം പൂർണമായും വിനിമയം ചെയ്യുന്നതിന് അനുയോജ്യമായ എല്ലാ പഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന രേഖയാണ് അധ്യാപകന്റെ ടീച്ചിംഗ് മാന്വൽ. ഇത്തരത്തിൽ ഒരു യൂണിറ്റുമായി ബന്ധപ്പെടുത്തി തയാറാക്കിയിട്ടുള്ള ടീച്ചിംഗ് മാന്വൽ നമുക്ക് പരിശോധിക്കാം.

**4-ാം തരത്തിലെ ഗണിതത്തിലെ 'തൊഴിലും കൂലയും' എന്ന ഭാഗവുമായി ബന്ധ ഷെട്ട് മോഡ്യൂലാർ രൂപത്തിലെഴിതിയ ഒരു ടീച്ചിംഗ് മാന്വൽ**

**ക്ലാസ്സ് - 4: യൂണിറ്റ് - തൊഴിലും കൂലിയും**

## മൊഡ്യൂൾ. 1

**ആശയം/ധാരണ**

- തീയതികൾ രേഖപ്പെടുത്തുന്നതിന് വ്യത്യസ്ത രീതികൾ ഉണ്ട്.
- ഒരു മാസത്തെ രണ്ടു തീയതികൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം കണ്ടെത്തുന്നതിന് അവസാനത്തെ തീയതിയിൽ നിന്ന് ആദ്യത്തെ തീയതി കുറച്ച് 1 കൂട്ടിയാൽ മതി.
- അടുത്തടുത്ത രണ്ടു മാസങ്ങളുടെ രണ്ടു തീയതികൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം കണ്ടെത്തുന്നതിന് 2 മാസങ്ങളുടേയും ദിവസങ്ങൾ പ്രത്യേകമായി കണ്ടെത്തി കൂട്ടണം.
- പ്രശ്നപരിഹരണത്തിനു അനുയോജ്യമായ ക്രിയ തെരെഞ്ഞെടുക്കേണ്ടതാണ്.
- ഗുണനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികളുണ്ട്.
- സംഖ്യകൾ യുക്തമായ രീതിയിൽ പിരിച്ചെഴുതിയാൽ ഗുണനക്രിയ എളുപ്പമാക്കാൻ കഴിയും.

**സാമഗ്രികൾ** : കലണ്ടർ, ചാർട്ട് പേഷർ, തുടങ്ങിയവ

**പ്രവർത്തനങ്ങളുടെ സൂക്ഷ്മപ്രക്രിയ**

താഴെ കൊടടുത്ത ഭാഗം വ്യക്തിഗതവായനയ്ക്കായി നൽകുന്നു.

**ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി**
**തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള അപേക്ഷ**

To
സെക്രട്ടറി
അങ്ങാടിപ്പാറ ഗ്രാമപ്പഞ്ചായത്ത്

സർ,

ഞാൻ അങ്ങാടിപ്പാറ ഗ്രാമപ്പഞ്ചായത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിരുന്നു. എന്റെ തൊഴിൽ കാർഡ് നമ്പർ : KL-01-004-0091-009-101 ആണ്. എനിക്ക് 20/11/2008 മുതൽ 05/12/2008 വരെ തൊഴിൽ നൽകുന്നതിന് അപേക്ഷിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി നിർദേശിക്കുന്ന ദിവസങ്ങളിൽ 125 രൂപ കൂലിക്ക് ജോലി ചെയ്യുവാൻ ഞാൻ ഒരുക്കമാണ്.

വേണു

അങ്ങാടിപ്പാറ
15.11.2008

അപേക്ഷകന്റെ പേരും ഒപ്പും

വായിച്ച് ആശയംഗ്രഹിച്ചു എന്ന് മനസ്സിലാക്കാൻ എന്താണ് മാർഗം? കുട്ടികളോട് ചില ചോദ്യങ്ങൾ ചോദിച്ചാലോ? എന്തെല്ലാം ചോദ്യങ്ങളാവാം?

- വേണു ആർക്കാണ് കത്തെഴുതിയത്?
- എന്തിനു വേണ്ടിയാണ് കത്തെഴുതിയിത്?
- വേണുവിന്റെ തൊഴിൽ രജിസ്ട്രർ നമ്പർ എത്ര?
- മറ്റെന്തെല്ലാം കാര്യങ്ങളാണ് ഇതിൽ നിന്നും മനസ്സിലായത്.
- എന്താണ് തൊഴിലുറപ്പു പദ്ധതി?
- നമ്മുടെ നാട്ടിൽ ഈ പദ്ധതി ഉള്ളതായി നിങ്ങളറിഞ്ഞിട്ടുണ്ടോ?
- ഒരു വർഷം എത്ര ദിവസമാണ് പരമാവധി തൊഴിൽ ലഭിക്കുക?
- ഒരാളുടെ ഒരു ദിവസത്തെ കൂലി എത്രയാണ്?
- എങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്?
- ഇതു മറ്റു രീതികളിൽ എങ്ങനെയൊക്കെ പറയാം?

- നവംബർ 20 മുതൽ ഡിസംബർ 5 വരെയാണ് തൊഴിൽ ആവശ്യപ്പെട്ടത്
- ഒരു ദിവസത്തെ കൂലി 125 രൂപയാണ്

**പ്രശ്നാവതരണം**

ഒന്നാമത്തെ പ്രവർത്തനത്തിലെ തുടർന്നുള്ള ഭാഗം (കൂലിയായി എത്ര കിട്ടും) എന്ന ഭാഗം വരെ വായിക്കുന്നു.

- എന്താണ് നിങ്ങളോട് കണ്ടു പിടിക്കാൻ പറഞ്ഞത്?
- ഇത് എങ്ങനെ കണ്ടു പിടക്കും?
- 

**പ്രശ്നവിശകലനം**

ഈ പ്രശ്നം വിശകലനം ചെയ്യുമ്പോൾ എന്തെല്ലാം ചോദ്യങ്ങളാണ് നമ്മുടെ മനസ്സിൽ നടക്കേണ്ടത്?

- എന്താണ് കണ്ടുപിടിക്കേണ്ടത്?
- എന്തെല്ലാം കാര്യങ്ങൾ ആവശ്യമുണ്ട്?
- ആവശ്യമായ മുഴുവൻ വിവരങ്ങളും ഇതിലുണ്ടോ? ഇല്ലെങ്കിൽ എങ്ങനെ കാണും?
- ജോലി ചെയ്യുന്ന ദിവസങ്ങളുടെ എണ്ണം എങ്ങിനെ കാണും?
- കൂലി എങ്ങനെ കണക്കാക്കും? കുട്ടികളുടെ കണ്ടെത്തൽ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.
    - ദിവസങ്ങളുടെ എണ്ണം കണ്ടെത്താനുള്ള വഴി തീരുമാനിക്കുന്നു.
    - ആകെ കൂലി കാണാനുള്ള വഴി കണ്ടെത്തുന്നു.

**ഗ്രൂപ്പുകളുടെ അവതരണം : ചർച്ച, ക്രോഡീകരണം**

- നവംബർ 20 മുതൽ ഡിസംബർ 5 വരെയുള്ള ദിവസങ്ങളുടെ എണ്ണം കണക്കാക്കി അതിൽ നിന്ന് 6 പ്രവൃത്തി ദിവസത്തിന് ഒരു അവധി എന്ന കണക്കിൽ കുറയ്ക്കണം
- ദിവസങ്ങളുടെ എണ്ണം കണക്കാക്കി ആകെ കൂലി കണ്ടു പിടിക്കാം.(125കൊണ്ട് ഗുണിച്ചാൽ)

**പ്രശ്നനിർദ്ധാരണം**

*ഘട്ടം ഒന്ന് : ആകെ പ്രവൃത്തി ദിവസം കണക്കാക്കൽ*

വ്യക്തിപരമായി ചെയ്യുന്നു.

- 20 - 11 -09 മുതൽ 5 -12 - 09 വരെ എത്ര പ്രവൃത്തി ദിവസങ്ങൾ ഉണ്ട്
- നവംബറിൽ എത്ര പ്രവൃത്തി ദിവസങ്ങൾ ഉണ്ട്.
- ഡിസംബറിൽ എത്ര പ്രവൃത്തി ദിവസങ്ങൾ ഉണ്ട്
- നവംബറിൽ എത്ര പ്രവൃത്തി ദിവസങ്ങൾ ഉണ്ട്?
- ആകെ എത്ര പ്രവൃത്തി ദിവസങ്ങളുണ്ട്.
- എത്ര അവധി ദിനങ്ങൾ കുറയ്ക്കണം?

ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. താൻ കണ്ടെത്തിയതും കൂട്ടുകാരൻ കണ്ടെത്തിയതുമായി താരതമ്യം ചെയ്യുന്നു. കലണ്ടർ വെച്ച് പരിശോധിക്കുന്നു.

**ഗ്രൂപ്പ് അവതരണം** $16 - 2 = 14$

ചർച്ച, ക്രോഡീകരണം

**വ്യത്യസ്ത വഴികൾ എന്തെല്ലാം?**

- ദിവസങ്ങൾ കൈവിരലിൽ എണ്ണിനോക്കാം
- കലണ്ടർ ദിനങ്ങൾ എണ്ണിനോക്കാം
- നവംബർ 20 മുതൽ 30 വരെ 11 ദിവസം, ഡിസം. 1 മുതൽ 5 വരെ 5 ദിവസം ആകെ $11 + 5 = 16$
- 6 പ്രവൃത്തി ദിവസത്തിന് ഒരു അവധി, 16 ദിവസത്തിന് 2 അവധി വേണം
- ആകെ പ്രവൃത്തി ദിവസം = ദിവസം

**ഘട്ടം രണ്ട് : ആകെ കൂലി കണ്ടെത്തൽ**

**ആകെ കൂലി വ്യക്തിപരമായി കണ്ടെത്തുന്നു.**

- ഒരു ദിവസത്തെ കൂലി എത്ര?
- ആകെ എത്ര ദിവസം?
- ആകെ കൂലി എത്ര?

ക്രിയാ രീതി ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

ഗ്രൂപ്പ് അവതരണം

ചർച്ച, ക്രോഡീകരണം.

| | |
|---|---|
| $125 \times 14$<br>$125 \times 10 + 125 \times 4$<br>$1250 + 500$<br>$1750$ | $14 \times 125$<br>$14 \times 100 + 14 \times 25$<br>$4 + 100 + 10 \times 25 + 4 \times 25$<br>$1400 + 250 + 100$<br>$1750$ |

(എന്നീ രീതിയിൽ ചെയ്യുന്നതും പ്രോത്സാഹിപ്പിക്കാം)

## നിഗമന രൂപീകരണം

- ഒരു മാസത്തെ 2 തീയതികൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ ആദ്യ തീയതിയും അവസാന തീയതിയും തമ്മിലുള്ള ബന്ധമെന്ത്?
- ഇത് രണ്ട് മാസങ്ങളിലെ തീയതി ആണെങ്കിലോ
- രണ്ട് തീയതികൾക്കിടയിലുള്ള ദിവസം കാണാൻ 'ഞാൻ കണ്ടെത്തിയത്' നോട്ടു ബുക്കിൽ എഴുതുന്നു.
- പരസ്പരം വിലയിരുത്തുന്നു.
- ക്ലാസ്സ് അവതരണം, ചർച്ച, മെച്ചപ്പെടുത്തി എഴുതൽ.

$125 \times 14 = 1750$

- ഒരു മാസത്തിലെ രണ്ട് തീയതികൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം കാണുന്നതിന് അവസാനത്തെ തീയതിയിൽ നിന്ന് ആദ്യത്തെ തീയതി കുറച്ച് 1 കൂട്ടിയാൽ മതി.
- അടുത്തടുത്ത മാസങ്ങളുടെ 2 തീയതികൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം കാണുന്നതിന് 2 മാസത്തേയും ദിവസങ്ങൾ പ്രത്യേകമായി കണ്ടെത്തി കൂട്ടണം.

**ഇങ്ങനെയും ഒരു പാറ്റേൺ**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | x | 9 | + | 2 | = | 11 |
| 2 | x | 9 | + | 3 | = | 21 |
| 3 | x | 9 | + | 4 | = | 31 |
| 4 | x | 9 | + | 5 | = | 41 |
| ..... | x | ...... | + | ..... | = | ...... |
| ..... | x | ...... | + | ..... | = | ...... |
| ..... | x | ...... | + | ..... | = | ...... |
| ..... | x | ...... | + | ..... | = | ...... |
| ..... | x | ...... | + | ..... | = | ...... |

എന്ന പ്രവർത്തനം കുട്ടി വ്യക്തിഗതമായി ചെയ്യുന്നു.

- കലണ്ടറിൽ നിന്നും കണ്ടെത്താവുന്ന പാറ്റേണുകൾ കണ്ടെത്തുന്നു.
- പരസ്പരം പരിശോധിക്കുന്നു.

**മോഡ്യൂൾ : 2**

**ആശയം**

- പ്രശ്നനിർദ്ധാരണം എളുപ്പമാക്കുന്നതിന് ശേഖരിച്ച വിവരങ്ങൾ സൂക്ഷ്മതലത്തിൽ പട്ടികപ്പെടുന്നത് സഹായകമാകും.
- ഒരു ദിവസത്തെ കൂലിയെ ആകെ ദിവസം കൊണ്ട് ഗുണിച്ചാൽ ആകെ കൂലി കാണാൻ കഴിയും.
- ഒരു പട്ടികയിൽ രേഖപ്പെടുത്തിയ ക്രിയകൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിന് കോളങ്ങൾ താഴോട്ട് കൂട്ടിയശേഷം ഒത്തുനോക്കിയാൽ മതി.

**പ്രവർത്തനങ്ങളുടെ സൂക്ഷ്മപ്രക്രിയ**

കൂലിയെത്ര? എന്ന ഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

**കൂലിയെത്ര?**

| അപേക്ഷകന്റെ പേര് | ജോലി ലഭിച്ച ദിവസങ്ങൾ |
|---|---|
| 1. മാധവി | 24.11.2008 മുതൽ 12.12.2008 വരെ |
| 2. ആയിഷ | 03.11.2008 മുതൽ 22.11.2008 വരെ |
| 3. തോമാച്ചൻ | 25.12.2008 മുതൽ 03.01.2009 വരെ |
| 4. കരുണൻ | 18.11.2008 മുതൽ 15.12.2008 വരെ |

**2008 NOVEMBER**

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 30 | ★ | ★ | ★ | ★ | ★ | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

**2008 DECEMBER**

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| ★ | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | ★ | ★ | ★ |

(കലണ്ടർ കളർ പ്രിന്റ് അല്ലാത്തതിനാൽ താഴെപറയുന്ന കാര്യങ്ങൾ നൽകുന്നു.

* 2008 നവംബർ 2 ഞായറാഴചയാണ് രണ്ടാം ശനിയും ഞായറും അവധി ദിവസങ്ങൾ

* 2008 ഡിസംബറിൽ രണ്ടാം ശനിയും ഞായറും 8, 25 തിയതികളും അവധി ദിവസങ്ങൾ ആണ്.

ടീച്ചർ പ്രശ്നം അവതരിപ്പിക്കുന്നു.

- ഇവർക്ക് നാലുപേർക്കുംകൂടി പഞ്ചായത്ത് എത്ര രൂപ കൂലിയായി നൽകിയിട്ടുണ്ടാകും?

  പ്രശ്നം വ്യക്തിഗതമായി വിശകലനം ചെയ്യുന്നു.

- ആകെ കൂലി കണക്കാക്കാൻ എന്തെല്ലാം വിവരങ്ങൾ ആവശ്യമാണ്?
- ആ വിവരങ്ങൾ പട്ടികയിൽ ഉണ്ടോ?
- ഓരോരുത്തരും എത്ര ദിവസം ജോലി ചെയ്തിട്ടുണ്ട്. എന്ന് എങ്ങനെ കാണും?
- അവധി ദിവസം എത്രയെന്ന് എങ്ങിനെ കണക്കാക്കാം?
- ആവശ്യമായ വിവരങ്ങൾ എല്ലാം ചേർക്കുന്ന രീതിയിൽ എങ്ങനെ മറ്റൊരു പട്ടിക തയ്യാറാക്കാം?

  വിശകലന രീതി ഗ്രൂപ്പിൽ തയ്യാറാക്കാം.
- ആവശ്യമായ വിവരങ്ങൾ ലിസ്റ്റു ചെയ്യുന്നു.
- ഇവ ചേർക്കാവുന്ന രീതിയിൽ ഒരു പട്ടിക രൂപപ്പെടുത്തുന്നു.

- പാഠപുസ്തകത്തിലെ പട്ടികയുമായി ഒത്തുനോക്കി തയ്യാറാക്കിയ പട്ടികയിൽ വേണ്ട മാറ്റം വരുത്തുന്നു.

**ഗ്രൂപ്പ് അവതരണം**

ഓരോരുത്തരും ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം കണക്കാക്കി 125 കൊണ്ട് ഗുണിച്ച് ആകെ കൂലി കണ്ടെത്താം

- പ്രശ്നം വ്യക്തിഗതമായി നിർദ്ധാരണം ചെയ്യുന്നു. (പട്ടിക പൂരിപ്പിക്കുന്നു)
- 24 -11 -08 മുതൽ 12 - 12 - 08 വരെ എത്ര ദിവസം ഉണ്ട്.
- ഇതിനിടയിൽ എത്ര അവധി ദിവസം ഉണ്ട്.
- എത്ര പ്രവൃത്തി ദിവസം ഉണ്ട്.
- 6 ദിവസത്തിന് ഒരു ദിവസം അവധി. അവധി ഉൾപ്പെടെ ഏഴു ദിവസം വേണം 14 ദിവസം ആകുമ്പോൾ 2 അവധി ലഭിക്കുന്നു. 12 ദിവസം ആകുമ്പോൾ 6+5= 11 പ്രവൃത്തി ദിവസമേ ആവുകയുള്ളൂ. 13 -ാം ദിവസം 2 -ാം മത്തെ ആറു ദിവസം പൂർത്തിയാകുന്നു.
- 26 ദിവസമാകുമ്പോൾ പ്രവർത്തി ദിവസം എത്ര? അവധി ദിവസമെത്ര? കണ്ടെത്താൻ പ്രായാസമുള്ളവർക്ക് ഈ സാധ്യതകൾ കലണ്ടർ വച്ച് പരിശോധിക്കാൻ അവസരം നൽകണം.

ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

- താൻ കണ്ടെത്തിയതിന്റെ മികവ്/പരിമിതി തിരിച്ചറിയുന്നു.

| ക്രമ നം | പേര് | തുടക്കം | അവസാനം | ആകെ ദിവസം | അവധി ദിവസം | ജോലിചെയ്ത ദിവസം | ഒരു ദിവസത്തെ തുക | ആകെ തുക |
|---|---|---|---|---|---|---|---|---|
| 1 | മാധവി | 24.11.08 | 12.12.08 | 19 | 2 | 17 | 125 | 2125 |
| 2 | ആയിഷ | 03.11.08 | 22.11.08 | 20 | 2 | 18 | 125 | 2250 |
| 3 | തോമാച്ചൻ | 25.12.08 | 03.01.09 | 10 | 1 | 9 | 125 | 1125 |
| 4 | കരുണൻ | 18.11.08 | 15.12.08 | 29 | 4 | 25 | 125 | 3125 |
| | | | | | | **69** | **125** | **8625** |

ഓരോരുത്തരും തയ്യാറാക്കിയ പട്ടിക ഗ്രൂപ്പിൽ അവതിപ്പിക്കുന്നു. ചർച്ച ഏതെല്ലാം കോളങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? പൊതു അവതരണം, ചർച്ച.

- ഓരോരുത്തരുടേയും കൂലി കാണുന്നതിന് പ്രത്യേകം പ്രത്യേകം ഗുണിക്കേണ്ടതുണ്ടോ?
- 9 x 125 , 18 x 125 ഇവ എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു?
- 8 x 125 ൽ നിന്ന് 17 x 125 എങ്ങിനെ കാണാം?
- ഗുണിച്ചുനോക്കാതെ എങ്ങിനെ കാണാം.?

25 x 125

10 x 125 = 1250

(10) 1250

(10) 1250

(5) 625

(25) 3125

- ഓരോരുത്തരുടേയും കൂലി കണക്കാക്കാതെ ആകെ കൂലി കണക്കാക്കാൻ എന്താണു മാർഗ്ഗം?

| എല്ലാവരും ജോലി ചെയ്ത ആകെ ദിവസം കണക്കാക്കി 125 കൊണ്ട് ഗുണിച്ചാൽ മതി |
|---|

$25 \times 125$

- നിഗമനം വ്യക്തിഗതമായി രേഖപ്പെടുത്തുന്നു. ഏതാനും പേർ അവതരിപ്പിക്കുന്നു. ചർച്ച - മെച്ചപ്പെടുത്തി എഴുതൽ.
- TB യിലെ പരസ്പര വിലയിരുത്തൽ. ഫോർമാറ്റ് പൂരിപ്പിക്കുന്നു.

**ഞാൻ ചെയ്തത്, കൂട്ടുകാരൻ ചെയ്തത്**

| | ഞാൻ ചെയ്തത് | കൂട്ടുകാരൻ ചെയ്തത് |
|---|---|---|
| **ആകെ ദിവസങ്ങൾ കണക്കാക്കാൻ** | | |
| **അവധി ദിവസങ്ങൾ കണക്കാക്കാൻ** | | |
| **ജോലിചെയ്ത ദിവസങ്ങൾ കണക്കാക്കാൻ** | | |
| **കൂലി കണക്കാക്കാൻ** | | |
| **ആകെ കൂലി കണക്കാക്കാൻ** | | |

എല്ലാവരും ജോലി ചെയ്ത ആകെ ദിവസം കണക്കാക്കി 125 കൊണ്ട് ഗുണിച്ചാൽ മതി

ബാങ്കിലേക്ക് എന്ന പ്രവർത്തനം വ്യക്തിപരമായി വായിക്കുന്നു.

**ബാങ്കിലേക്ക്**

കൂലി ഓരോരുത്തരുടെയും പേരിൽ ആറുദിവസം കഴിയുമ്പോൾ ബാങ്കിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ആയിഷയുടെ പാസ്ബുക്ക് നോക്കൂ.

**സഹകരണ ബാങ്ക്**

| തീയതി | അടച്ചതുക | പിൻവലിച്ചതുക | ബാക്കി | ഒപ്പ് |
|---|---|---|---|---|
| 08.11.2008 | 750.00 | - | 750.00 | |
| 10.11.2008 | | 500.00 | 250.00 | |
| | | | | |
| | | | | |
| | | | | |
| | | | | |

നവംബർ 15-ാം തീയതിയും 22-ാം തീയതിയും 6 ദിവസത്തെ കൂലി വീതം ബാങ്കിൽ നിക്ഷേപിച്ചു. 24112008ൽ 1450 രൂപ പിൻവലിച്ചു. ഈ വിവരങ്ങൾ പാസ്ബുക്കിൽ ചേർക്കുക.

- എന്തെല്ലാം കാര്യങ്ങളാണ് പാസ് ബുക്കിൽ ഉള്ളത്
- ആദ്യമായി പണം അടച്ചത് ഏത് തീയതിയിലാണ്?
- കുട്ടികൾ വ്യക്തിഗതമായി പാസ് ബുക്ക് പൂരിപ്പിക്കുന്നു.
- ഏതെല്ലാം തീയിതികളാണ് ചേർക്കേണ്ടത്?
- 15 -ാം തിയ്യതി എത്ര രൂപ അടച്ചു?
- 22 -ാം തിയ്യതി എത്ര രൂപ അടച്ചു?
- 24 - 11 - 08 ന്റെ രേഖപ്പെടുത്തലുകൾ ഏതെല്ലാം കോളങ്ങളിലാണ്?
- 
- 
- ഗ്രൂപ്പിൽ പരിശോധിക്കുന്നു.
- മെച്ചപ്പെടുത്തുന്നു.
- ചർച്ച
- രേഖപ്പെടുത്തിയത് ശരിയാണോ എന്ന് എങ്ങിനെ പരിശോധിക്കും? ആകെ എത്ര രൂപ അടച്ചു?
- ആകെ എത്ര രൂപ അടച്ചു?
- ആകെ എത്ര രൂപ പിൻവലിച്ചു?
- ബാക്കി എത്ര രൂപ ഉണ്ട്.

- ഇത് കോളത്തിൽ എഴുതിയത് ശരിയാണോ?

**മൊഡ്യൂൾ 3**

**ആശയം/ധാരണ**

- സർവ്വെഫലങ്ങൾ വിശകലനം ചെയ്യുന്ന വേളയിൽ ഗണിതം ശരിയായി ഉപയോഗപ്പെടുത്തുമ്പോഴാണ് നിഗമനങ്ങൾ കൃത്യമാകുന്നത്.
- നിലവിലുള്ള അവസ്ഥകളെക്കുറിച്ച് പഠിക്കാനുള്ള ഉപാധിയാണ് സർവ്വെ.
- സർവ്വെ നടത്തുമ്പോൾ ലഭ്യമാക്കേണ്ട വിവരങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് ആവശ്യമായ ചോദ്യാവലിയും പട്ടികയും രൂപപ്പെടുത്തണം.

**പ്രവർത്തനങ്ങളുടെ സൂക്ഷ്മപ്രക്രിയ**

തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച

തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയത്

എന്തെല്ലാമാണ് :- വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു - അവതരിപ്പിക്കുന്നു

- സ്ത്രീക്കും പുരുഷനും ഒരേ കൂലിയാണ്
- കൂലി ബാങ്കു വഴി വിതരണം ചെയ്യുന്നു.
- നിശ്ചിത ദിവസം തൊഴിൽ ഉറപ്പു വരുത്തുന്നു
- 
- 
- 
- നമ്മുടെ പ്രദേശത്ത് എന്തെല്ലാം തൊഴിലിൽ ഏർപ്പെടുന്നവരുണ്ട്?
- ഒരേ ജോലി ചെയ്യുന്ന സ്ത്രീക്കും പുരുഷനും ഒരേ കൂലിയാണോ കിട്ടുന്നത്?
- സ്ത്രീക്ക് എത്ര രൂപ കിട്ടുന്നു?
- പുരുഷനോ?

ചോദ്യങ്ങൾക്ക് ഓരോരുത്തരും അവരുടെ അഭിപ്രായം പ്രകടിപ്പിക്കുന്നു.

- ഇത് കൃത്യമായി അറിയാൻ എന്താണ് മാർഗ്ഗം?

ചർച്ച, ക്രോഡീകരണം.

നമ്മുടെ നാട്ടിലെ ചില ആളുകളെ നേരിൽക്കണ്ട് അന്വേഷിച്ച് വിവരങ്ങൾ കണ്ടെത്താം

- എന്തൊക്കെ കാര്യങ്ങളാണ് അന്വേഷിക്കേണ്ടത്?
- എത്ര പേരെ സന്ദർശിക്കണം?
- ഏതെല്ലാം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സന്ദർശിക്കണം?

വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു.

- ഏതാനും പേർ അവതരിപ്പിക്കുന്ന ചർച്ച, ക്രോഡീകരണം.
- പേര്

- സ്ത്രീ / പുരുഷൻ
- തൊഴിൽ
- ഒരാഴ്ചയിൽ ലഭിക്കുന്ന ദിവസങ്ങളുടെ എണ്ണം
- കൂലി
- ഒരാഴ്ചയിലെ വരുമാനം

കിട്ടുന്ന വിവരങ്ങൾ എങ്ങനെ രേഖപ്പെടുത്തും - ചർച്ച

ഒരു പട്ടിക തയ്യാറാക്കണം

ഗ്രൂപ്പിൽ പട്ടിക തയ്യാറാക്കുന്നു.

ഗ്രൂപ്പുകൾ അവരുടെ പട്ടിക ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.

ആവശ്യമെങ്കിൽ ടീച്ചർവേർഷൻ അവതരിപ്പിക്കുന്നു.

- 5 - 6 അംഗങ്ങളുള്ള ഗ്രൂപ്പുകളാക്കുന്നു.
- ഗ്രൂപ്പുകൾ സർവെ നടത്തുന്നു.
- ലഭിച്ച വിവരങ്ങൾ പട്ടികയിൽ ക്രോഡീകരിക്കുന്നു.

  അനുബന്ധമായി കിട്ടുന്ന വിവരങ്ങളും ക്രോഡീകരിക്കാം

  - കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതാർക്ക്?
  - കൂടുതൽ തൊഴിലാളികൾ ഏതു പ്രായക്കാരാണ്?
- ഓരോ ഗ്രൂപ്പും അവരവരുടെ പട്ടിക പരിശോധിച്ചെത്തിയ നിഗമനം രേഖപ്പെടുത്തുന്നു.
- ക്ലാസ്സിൽ അവതരിപ്പിക്കുന്നു.
- എന്തുകൊണ്ടാണ് ഈ നിഗമനത്തിലെത്തിയത്?

| നിഗമനത്തിലെത്തിയതിന്റെ യുക്തി വിശദീകരിക്കാൻ അവസരം നൽകണം |
|---|

ചർച്ച, പൊതുനിഗമനം രൂപീകരിക്കുന്നു.

- കണ്ടെത്തിയ കാര്യങ്ങൾ നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.
- കണ്ടെത്തിയ കാര്യങ്ങൾ ക്രോഡീകരിച്ച് ക്ലാസ്സിൽ ഒരു തൊഴിൽ പതിപ്പ് രൂപീകരിക്കുന്നു.

ഇതുപോലെ മറ്റു പാഠഭാഗങ്ങളുടേയും ടീച്ചിംഗ് മാന്വൽ തയ്യാറാക്കുമല്ലോ. തയ്യാറാക്കിയ ടീച്ചിംഗ് മാന്വൽ, ടീച്ചിംഗ് മാന്വൽ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു. ടീച്ചിംഗ് മാന്വലിന്റെ അവതരണം, ചർച്ച, മെച്ചപ്പെടുത്തൽ. ടീച്ചിംഗ് മാന്വൽ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ താഴെ കൊടുക്കുന്നു.

**ടീച്ചിംഗ് മാന്വൽ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ**

- ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട ആശയങ്ങളും വികസിക്കേണ്ട കഴിവുകളും വ്യക്തമാക്കിയിട്ടുണ്ട്.
- ആശയരൂപീകരണത്തിന് അനുയോജ്യമായ പഠനപ്രശ്നങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.
- പ്രവർത്തനങ്ങൾ പഠനപ്രശ്നങ്ങൾക്ക് അനുയോജ്യമാണ്.

- പ്രശ്നവിശകലനം, പ്രശ്നനിർദ്ധാരണം നിഗമനരൂപീകരണം എന്നീഘട്ടങ്ങൾ പാലിച്ചിട്ടുണ്ട്.
- ടി.ബി, എച്ച്.ബി എന്നിവയിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- പ്രവർത്തനങ്ങളുടെ സൂക്ഷ്മപ്രക്രിയ ടി. എം ൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- പഠനോപകരണങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.
- വ്യക്തിഗത പ്രവർത്തനങ്ങൾക്ക് അവസരം നൽകുന്നുണ്ട്.
- ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് അവസരമുണ്ട്.
- ആവശ്യമായ സന്ദർഭങ്ങളിൽ ടീച്ചർവേർഷൻ നൽകുന്നുണ്ട്.
- ടി. ബി. സൈഡ് കോളത്തിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- പഠനബോധന ഉപകരണങ്ങൾ രൂപപ്പെടുന്ന സാഹചര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- വ്യക്തിഗത വിലയിരുത്തലിനും ക്ലാസ്സ് വിലയിരുത്തലിനും അവസരമുണ്ട്.
- പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നതിന് അവസരമുണ്ട്.
- ഉൽപ്പന്നങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

**റിഫ്ളക്ടീവ് ചോദ്യങ്ങൾ/പ്രവർത്തനങ്ങൾ**

- ലോവർ പ്രൈമറിതലത്തിലെ നാലാംതരത്തിലെ 'ഭിന്നസംഖ്യകളുമായി" ബന്ധപ്പെടുത്തി ബോധനം നിർവഹിക്കുന്നതിന്വേണ്ടിയുള്ള ഒരു ടീച്ചിംഗ് മാന്വൽ തയ്യാറാക്കുക. ആശയങ്ങൾ സൂക്ഷ്മമായി എങ്ങനെ വിശകലനം ചെയ്യുമെന്ന് മാന്വലിൽ വ്യക്തമാക്കുക.
- ലോവർ പ്രൈമറിതലത്തിലെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള ഒരു ഗണിത കിറ്റ് നിർദ്ദേശിക്കുക. കിറ്റിലുള്ള വസ്തുക്കൾ/ഇനങ്ങൾ ഏതേത് ആശയങ്ങളുടെ ബോധനവുമായി ബന്ധപ്പെട്ടതാണ്? ഏത് ക്ലാസ്സിലേയ്ക്കാണ്? തുടങ്ങിയവ ഒരു പട്ടികയുമായി തയ്യാറാക്കുക.
- ലോവർ പ്രൈമറിതലത്തിലെ വിവിധ മേഖലകളുമായി ബന്ധപ്പെടുത്തി ടീച്ചിംഗ് മാന്വൽ ഗ്രൂപ്പ് ആയി തയ്യാറാക്കുക. തയ്യാറാക്കിയ ടീച്ചിംഗ് മാന്വൽ, ടീച്ചിംഗ് മാന്വൽ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുക. മാന്വൽ മെച്ചപ്പെടുത്തി അവതരിപ്പിക്കുക.